# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ : 1485.

14..12..2012-ൽ മറുപടിക്ക്

## ക്ഷീരകർഷകരും തൊഴിലുറപ്പ് പദ്ധതിയും

**ചോദ്യം**

ശ്രീ. സി. ദിവാകരൻ.

**ഉത്തരം**

ശ്രീ. കെ.സി. ജോസഫ്.
(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി)

കേരളത്തിലെ ക്ഷീരകർഷകരെ 'തൊഴിലുറപ്പ്' പദ്ധതിയിൽ ഉൾപ്പെടുത്താതിരിക്കാനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ക്ഷീര കർഷകമേഖലയുമായി ബന്ധപ്പെട്ട് ക്ഷീര കർഷകർക്ക് സഹായകരമായ കന്നുകാലി തൊഴുത്തിനുള്ള തറ, ഗോമൂത്ര സംഭരണി, പുൽതൊട്ടി ഇവയുടെ നിർമ്മാണം, കന്നുകാലികൾക്കുള്ള സപ്ലിമെന്ററി തീറ്റയായ അസോള കൃഷിയുമായി ബന്ധപ്പെട്ട ജോലികൾ എന്നിവ തൊഴിലുറപ്പ് പദ്ധതിയിൽ നിലവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ക്ഷീര കർഷകരുടെ മൃഗപരിപാലനവുമായി ബന്ധപ്പെട്ട ദൈനംദിന പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതിയിലെ അനുവദനീയമായ പ്രവൃത്തിയിനമായി ഉൾപ്പെടുത്തിയിട്ടില്ല.

കുറഞ്ഞത് രണ്ടു പശു / എരുമകളെ വളർത്തി ക്ഷീരസഹകരണ സംഘത്തിൽ പത്ത് ലിറ്റർ പാൽ എങ്കിലും പ്രതിദിനം വിറ്റ് ഉപജീവനം കഴിക്കുന്ന ക്ഷീരകർഷകരെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നെങ്കിലും ഇക്കാര്യത്തിൽ അനുകൂല തീരുമാനമായിട്ടില്ല. തൊഴിലുറപ്പ് നിയമത്തിന്റെ പട്ടിക 1 പ്രകാരം അനുവദനീയമായ പ്രവൃത്തികൾ മാത്രമേ ഏറ്റെടുക്കാൻ കഴിയുകയുള്ളൂ.

സെക്ഷൻ ഓഫീസർ